പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3621* 23.06.2014-ൽ മറുപടിക്ക്

## മാവേലിക്കര ഡിപ്പോയിലെ ഷെഡ്യൂളുകൾ പ്രവർത്തിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ 43 ഷെഡ്യൂളുകളിൽ മുപ്പത് ഷെഡ്യൂളുകൾ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ ഷെഡ്യൂളുകളും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മാവേലിക്കരയിൽ നിന്നും 43 ഷെഡ്യൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളതിൽ പ്രതിദിനം ശരാശരി 37 ഷെഡ്യൂളുകൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസ്സിന്റെയും ഡ്രൈവർമാരുടെയും കുറവ് കാരണമാണ് ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യാൻ കഴിയാതെ വരുന്നത്. |
| (ബി) | മാവേലിക്കര ഡിപ്പോയിൽ ആവശ്യമായ ഡ്രൈവർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മതിയായ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ